# പട്ടങ്ങൾ പറയാതെ പറഞ്ഞത്..

## ജി എച്ച് എസ് പുല്ലൂർ-ഇരിയ ലിറ്റിൽ കൈറ്റ്സ് മാഗസിൻ

little KITE

## MUSINGS OF OUR BELOVED HEADMISTRESS

Dear Parents, Guardians, and Cherished Readers,

It brings me immense joy to share my thoughts on the remarkable journey of our beloved Little Kite Magazine. As the headmistress, I witness firsthand transformative power of literature and creativity in shaping the minds of our young learners.

Little Kite Magazine serves as a beacon of imagination, guiding our students through the vast landscapes of storytelling and artistic expression. The editorial team has diligently curated content that not only entertains but also educates, fostering a love for learning that extends beyond the classroom.

Through the pages of this magazine, our students embark on literary adventures, exploring worlds filled with wonder and discovery. The rich tapestry of stories, poems, and artwork reflects the diverse talents and boundless potential residing within our school community.

I commend the dedication of our students, teachers, and the editorial team including Kite Master and Mistress for their unwavering commitment to excellence. Little Kite Magazine is not merely a publication; it is a testament to the collaborative spirit and creativity that define our school.

Let us celebrate the voices of our young authors and artists who have dared to dream, express, and share their unique perspectives. The magazine serves as a platform for self-expression, nurturing the confidence and creativity that will undoubtedly shape the future leaders and innovators of tomorrow.

In conclusion, I extend my heartfelt gratitude to everyone involved in making Little Kite Magazine a cherished part of our school culture. May it continue to soar to new heights, inspiring generations to come.

Warm regards,

SHOLLY M SEBASTIAN

# എഡിറ്റോറിയൽ




മഴവിൽ ചിറകുള്ള പൂമ്പാറ്റകളായ് ഉയർന്നിടാം
ഇരുൾ നീക്കി വെട്ടം തെളിക്കും
മിന്നാമിനുങ്ങുകളായ് മാറാം
തളരാതെ അകലങ്ങൾ താണ്ടുന്ന
ദേശാടനക്കിളികളായ്
ദേശകാലങ്ങളെ നമ്മുടേതാക്കിടാം
കരുണ വറ്റുന്നൊരീ കാലത്ത്
വറ്റാത്ത സ്നേഹത്തിൻ ഉറവയായ് മാറിടാം
ലോകമൊന്നായി കണ്ടിടാം
പട്ടങ്ങൾ പോലെയീ വാനിൽ പാറി പറന്നിടാം...

സ്റ്റുഡന്റ് എഡിറ്റർ
ശ്രേയ ജ

# ഉള്ളടക്കം


1.അമ്മത്തണൽ – ആദിദേവ്....................................4

2.കൗമാരം – ശിവദ എം, 8th std....................5

3.ഒരു സ്വപ്ന കഥ – മുഹമ്മദ് ഇർഫാൻ എം.......6

4.മമ വിദ്യാലയം – രേഖ വി കെ ,..........................7
എച് എസ് ടി ഇംഗ്ലീഷ്

5. PUMPKIN AND TIGER - രേവതി കെ ................................8

6.MY TEACHER - ഷിഫാന പി റഫീക്ക്, 9A............9

7.യാത്രയുടെ ഓർമ്മക്കുറിപ്പുകൾ – ധന്യ ബി,8th std..............10

8.ആസ്വാദനക്കുറിപ്പ് - ശിവദ എം, 8th std........11

9.കുഞ്ഞോമനയും മറ്റു ബാലകഥകളും -ഹരിനന്ദ് കെ ബി......12

10.മറയുന്ന മംഗലം കളി - ദർശാന്ത് കൃഷ്ണൻ ,10A..........13

11.അമ്മയ്ക്കായി - രമ്യ എം................................14

12.വിദ്യാലയ മുറ്റത്തെ കൊന്നപ്പൂക്കൾ– ആര്യ എം, 10A...........15

13. നീ - ഹരിനന്ദ് കെ ബി..................16

14.തീക്കനൽ - ധന്യ ബി,8th std............17

15.ചിത്രങ്ങൾ ........................................18-31

# അമ്മത്തണൽ

ഓരോ ഉറക്കത്തിലും
അമ്മയുടെ ആലിംഗനത്തിൻ്റെ ചൂടിൽ,
മൃദുവായ ചെറിയ വിരലുകൾ,
തഴുകുന്ന സ്നേഹം,
എല്ലാ വേദനകൾക്കും ആശ്വാസമേകുന്നിടം ....

നക്ഷത്രങ്ങൾ ആകാശത്ത്
നിറയുന്നത് പോലെ
സ്വപ്നങ്ങൾ കണ്ട് കണ്ട്...
തൊട്ടിലിൽ കിടക്കുന്ന നിമിഷങ്ങൾ
...സ്നേഹത്തിൻ്റെ പാലാഴി....
ഋതുക്കൾ മാറുമ്പോഴും
അമ്മയുടെ സ്നേഹം അതേപടി നിലനിൽക്കും.
പറയാത്ത വാഗ്ദാനം, ശാശ്വത ജ്വാല.
പൂതത്തിന് കണ്ണുകൾ ചൂഴ്ന്നു നൽകിയ അതേ ജ്വാല..

**ആദിദേവ്**
**8A**

# കൗമാരം

മാറ്റത്തിന്റെ കണ്ണാടിയിൽ, പ്രതിഫലനങ്ങൾ മങ്ങുന്നു,
കൗമാരം മന്ത്രിക്കുന്നു, പ്രക്ഷുബ്ധമായ മനസ്സ്...
ദിവാ സ്വപ്നങ്ങൾ,
അജ്ഞാതർക്കൊപ്പം ഒരു നൃത്തം,
തന്റെ ലോകത്ത് യുവഹൃദയങ്ങൾ.

വികാരങ്ങളുടെ കൊടുങ്കാറ്റുകൾ,
വേഷ പകർച്ചകൾ....തന്റെതായ ഇടം ...
സ്വയം കണ്ടെത്തലിന്റെ
അന്വേഷണത്തിന്റെ വഴികൾ...

നിറങ്ങളിൽ വരച്ച ചോദ്യങ്ങളുടെ ക്യാൻവാസ്,
ഉത്സവപ്പറമ്പിലെ കളിപ്പാട്ട മോഹങ്ങളിൽ നിന്നും...
നിഷ്കളങ്കതയിൽ നിന്ന് ജ്ഞാനത്തിലേക്ക്,
ചാപല്യത്തിൽ നിന്ന് ചുട്ടു പൊള്ളുന്ന യാഥാർത്ഥ്യത്തിലേക്ക്
ഒരു യാത്ര കൂട്ടിച്ചേർക്കുന്നു.........

**ശിവദ എം**
**8th std**

# ഒരു സ്വപ്ന കഥ

ഉറക്കത്തിന്റെ  ആലിംഗനത്തിൽ, നിഴലുകൾ നൃത്തം ചെയ്യുന്നു,
ചന്ദ്രകിരണങ്ങൾ ഒരു സ്വർണനൂൽ നെയ്യുന്നു,
മായികതയും യാഥാർത്ഥ്യങ്ങളും ഒത്തുചേരുന്നിടത്ത്.

രാത്രിയിൽ, ഒരു യാത്ര വികസിക്കുന്നു,
കഥകളുടെ ഭാണ്ഡം ചുരുൾ നിവർത്തുന്നു.....
നക്ഷത്രങ്ങൾ സ്വപ്നങ്ങളുടെ ക്യാൻവാസ് ജ്വലിപ്പിക്കുന്നു,

രാത്രിയിലെ ഇളം കാറ്റിൽ ചിറകുള്ള ചിന്തകൾ ഉയരുന്നു,
ഹൃദയത്തിന്റെ അസ്വസ്ഥതയുടെ പ്രതിധ്വനികളെ പിന്തുടരുന്നു.
കാണാത്ത നൂലുകൾ കൊണ്ട് നെയ്ത ഒരു സ്വപ്നദൃശ്യം,
മനസ്സിന്റെ  ശാന്തതയിൽ നിഗൂഢതകൾ അനാവരണം ചെയ്യുന്നു.

**മുഹമ്മദ് ഇർഫാൻ കെ**
**9A**

# മമ വിദ്യാലയം

ഓർമ്മകളായിരം ചൊല്ലുവാൻ ഉണ്ടെനിക്കാ
നല്ല നാളുകൾ ഓർത്തിടുമ്പോൾ
കൂട്ടുകാരൊത്തു കളിച്ച മൈതാനവും
വിദ്യ പകർന്നൊരെൻ ഗുരുക്കന്മാരും
മുറ്റത്തെ നെല്ലി പെറുക്കി പങ്കിട്ടതും
പേര മരത്തിൽ കയറി കളിച്ചതും
കൂട്ടുകാരുത്തു കളിച്ച കളികളും
ചൊല്ലി പഠിപ്പിച്ച പാഠഭാഗങ്ങളും
കാലങ്ങൾ എത്ര കഴിഞ്ഞു പോയെന്നാലും
കാലത്തിനാകുമോ  മായ്ച്ചു കളയുവാൻ...
ഒന്ന് തിരിഞ്ഞു നോക്കീടുമ്പോൾ സഖേ...
ഒരു കുളിർ കാറ്റായി വന്നുപോകാൻ..
ഒരു കുളിർ മഴയായി പെയ്തിറങ്ങാൻ
ആ നല്ല നാളുകൾ തന്നോരനുഭൂതിയും
അതിലെ  നനുത്ത സ്നേഹവും മാത്രം...

**രേഖ വി കെ**
**എച് എസ് ടി ഇംഗ്ലീഷ്**

# PUMPKIN AND TIGER

Long ago and old lady was visiting her grandson .To reach his house she had to cross a dence forest .while she was walking she happened to meet a scary and fearsome tiger. When the hungry tiger was about to bounce upon the old lady ,she yelled tiger look at me... I am a thin . I am on my way to visit my grandson's house and that I plan to spend 10 days to fill myself with food made of oil and while coming back I promise to be as plum as a bear so you can eat my flesh, please let me go .It was a satisfactory request so that tiger let her go at the grandson's house. The old lady danced and enjoyed herself , but as the 10th day appeared she was found to be very upset and her grandson asked what the matter was ...She recited the whole story to her grandson. The Smart Kid found the solution to her problem, he went to his field and brought the biggest pumpkin so that he can place his grandmother inside. He asked to roll the pumpkin .She returned as per her promises that Tiger was waiting at the very spot when he saw an old looking creature rolling towards him with a Dong Dong noise The Tiger ask to the creature did you happen to meet an old lady on your Road ? The pumpkin reply I didn't see a single create anywhere today an but seeing you I am happy that my food for 2 days is ready .Hearing this the tiger was frightened at the thought that a huge Orange animal wants to eat him. He ran at his top speed and escapeD to a far of jungle. Tiger never bother to wait for the old woman again.

A folk tale retold -

Revathi K
9A

# MY TEACHER

Thank you teacher
you are so kind ,
you give me joy ,
and piece of mind .
you helped me to dream
You give me hope,
you taught me so
I would not mop,
you give me strength
so I can see a future
that belongs to me
a future that looks really bright
,thanks for showing me light...

Shifana P Rafeeque,9A

# യാത്രയുടെ ഓർമ്മക്കുറിപ്പുകൾ

2024 ഫെബ്രുവരി 2 വെള്ളി ആവുന്നതിനുവേണ്ടി കാത്തിരുന്ന ദിവസങ്ങൾഞാൻ സന്തോഷത്തോടെ ഓർക്കുന്നു. കൂട്ടുകാരോടൊത്ത് കളിച്ച് രസിക്കാൻ കിട്ടുന്ന ഒരു ദിവസമാണ് സ്കൂൾ കുട്ടികളെ അപേക്ഷിച്ച് ഏറ്റവും വലിയ ദിവസം .സ്കൂൾ കാലത്ത് കിട്ടാത്തത് ഒന്നും പിന്നീട് ഒരിക്കലും ലഭിക്കില്ല. അതുകൊണ്ട് നമ്മളെല്ലാവരും കൂടി ഏകദിന പഠന യാത്രയ്ക്ക് പോകാൻ തീരുമാനിച്ചു .വിസ്മയ, സ്നേഹപാർക്ക്, ചൂട്ടാട് ബീച്ച് എന്നീ സ്ഥലങ്ങളിൽ പോകാൻ വേണ്ടിയാണ് തീരുമാനിച്ചിരിക്കുന്നത്. പോകുന്നതിന് തലേദിവസം നമുക്ക് നിർദ്ദേശങ്ങൾ തന്നിരുന്നു. വെള്ളിയാഴ്ച രാവിലെ ആറുമണിക്കാണ് സ്കൂളിൽ എത്തേണ്ടത്. തലേദിവസം രാത്രി എന്നു പറയുന്നത് ഒരു കുട്ടിയെ അപേക്ഷിച്ച് ഉറക്കമില്ലാത്ത രാത്രിയാണ്. കൃത്യം 6 30 ആകുമ്പോഴേക്കും ഞങ്ങൾ സ്കൂളിൽ നിന്ന് പുറപ്പെട്ടു. നല്ല തണുത്ത കാറ്റ് ശരീരമാകെ കുളിർമ നൽകി .മനസ്സും ശരീരവും തണുത്ത് വിറച്ചു. ബസ്സിലെ യാത്ര അത് വേറെ ഒരു സുഖമാണ് നൽകിയത് .കുറച്ചു ദൂരം സഞ്ചരിച്ചപ്പോൾ നമുക്ക് പ്രഭാത കാഴ്ചകൾ കാണാൻ സാധിച്ചു . നെൽപ്പാടങ്ങളുടെ മുകളിൽ അവയ്ക്ക് കുളിര് നൽകാൻ വേണ്ടി മഞ്ഞുമൂടിക്കിടന്നിരുന്നു .ആ കാഴ്ച കണ്ടപ്പോൾ വിമാനയാത്രയിൽ ആണോ എന്ന് ഒരു തോന്നൽ മനസ്സിൽ ഉണ്ടായി . ബസ്സിൽ പാട്ടുകൾ വച്ച് ഡാൻസ് കളിക്കുന്നതിന്റെ ഇടയിൽ പോലും ഞാൻ പ്രകൃതി ഭംഗി ആസ്വദിക്കാൻ മറന്നില്ല .അധ്യാപകർ കുട്ടികൾക്കൊപ്പം ചുവട് വച്ചു. അതിരാവിലെ പോയതിനാൽ കുറച്ചു സ്കൂൾ കുട്ടികളെ വഴിയിൽ വച്ച് കാണാൻ പറ്റി .നമ്മൾ കാണുന്നതിനപ്പുറം ഒരു ലോകമുണ്ടെന്ന് മനസ്സിലാക്കാൻ അനിവാര്യമാണ് യാത്രകൾ. യാത്രകൾ മനസ്സിന് കുളിർമ മാത്രമല്ല അറിവ് നൽകുന്നു. അങ്ങനെ നീണ്ട യാത്രയ്ക്ക് ശേഷം നമ്മൾ വിസ്മയിൽ എത്തി. അവിടുന്ന് ഞങ്ങളെ ഗ്രൂപ്പായി തിരിച്ചു ആദ്യം തന്നെ ഞങ്ങൾ പരമാവധി റൈഡിൽ കയറി .
നല്ല തിരക്കുണ്ടായിരുന്നു കുറെ നേരം റൈഡിൽ കളിച്ച ശേഷം ഭക്ഷണം കഴിക്കാൻ മുകളിലേക്ക് പോയി .ചോറും സാമ്പാറും ആയിരുന്നു .കുറച്ചു കഴിച്ചപ്പോൾ തന്നെ വയറു നിറഞ്ഞതു പോലെ തോന്നി. വെള്ളത്തിൽ കളിക്കേണ്ട തിരക്കിൽ ഞങ്ങൾ വേഗം ചോറ് കഴിച്ചു നേരെ വാട്ടർ റൈഡിൽ കയറാൻ പോയി. കുറെ നേരം അതിൽ കളിച്ചു ഏകദേശം 3:30 ആകുമ്പോഴാണ് തിരികെ വസ്ത്രം ധരിക്കാൻ വന്നത്.വസ്ത്രം മാറിയതിനുശേഷം ഞങ്ങൾ നേരെ പോയത് ചൂട്ടാട് ബീച്ചിൽ ആണ് .അവിടെ നിന്ന് കുറെ ഫോട്ടോയെടുത്ത് തിരികെ ബസ്സിൽ കയറി. ബീച്ചിൽ പോകുന്ന വഴിയിലെ കാഴ്ചകൾ– പാറപ്പുറത്ത് സ്വർണ്ണ വസ്ത്രങ്ങൾ ധരിച്ചു നിൽക്കുന്ന പുല്ലുകൾ നല്ല കാറ്റുണ്ടായിരുന്നു .ആ വഴിയിലെ പോകുമ്പോൾ ഒരു പറഞ്ഞറിയിക്കാൻ വയ്യാത്ത സന്തോഷം.ആ കാഴ്ചകൾ കണ്ടു നേരെ പോയത് ഭക്ഷണം കഴിക്കാനാണ്. ഈറ്റില്ലം എന്ന റസ്റ്റോറിൽ നിന്ന് ഞങ്ങൾ ബിരിയാണി കഴിച്ചു .ബിരിയാണി നല്ല രുചിയുണ്ടായിരുന്നു. ഭക്ഷണം കഴിച്ചശേഷം ഞങ്ങൾ വീട്ടിലേക്കുള്ള യാത്ര തുടങ്ങി .ഏകദിന പഠനയാത്ര അവസാനിക്കാൻ പോകുന്നതിനാൽ എല്ലാ ക്ഷീണവും മറന്ന് ഞങ്ങൾ ബസ്സിൽ പാട്ടും ഡാൻസുമായി ആർത്തുല്ലസിച്ചു. എന്നെ സംബന്ധിച്ച് തികച്ചും ആസ്വദിക്കാൻ പറ്റിയ ഒരു യാത്രയായിരുന്നു .തിരിച്ചു വീട്ടിൽ എത്തുമ്പോഴേക്കും സമയം ഒരുപാട് വൈകി. അത് കഴിഞ്ഞ രണ്ടു ദിവസം ക്ലാസ്സ് ഇല്ലാത്തതിനാൽ ക്ഷീണം മാറ്റാൻ പറ്റി.

**DHANYA B**
**8B**

# ആസ്വാദനക്കുറിപ്പ്

യാക്കോബ് എന്ന പിതാവിന്റെയും 12 പുത്രന്മാരുടെയും ഉദ്വേഗജനകമായ കഥയാണ് 'കിനാവ്'. ഇതിൻറെ രചയിതാവ് ബി ജെ ജയിംസ് എന്ന വ്യക്തിയാണ് . ചോരശാസ്ത്രം ,ഒറ്റക്കാലിൻ കാക്ക എന്നിവ അദ്ദേഹത്തിൻറെ കൃതികളാണ് .ഇതിലെ ആദ്യത്തെ ഭാഗമായ സൂര്യ വെളിച്ചം എന്ന കഥയാണ് എനിക്ക് ഇഷ്ടപ്പെട്ടത് .കാരണം 12ൽ ഒരുവനായ ജോസഫ് എന്നും ഉറക്കമുണരുന്നത് ഏതോ ഒരു കിളിയുടെ സ്വരം കേട്ടാണ് .ആ കിളിയെ ഒന്ന് കണ്ടുപിടിക്കണമെന്ന് ജോസഫിന് ഏറെ ആഗ്രഹമുണ്ടായിരുന്നു. പക്ഷേ എത്ര ശ്രമിച്ചിട്ടും കണ്ടുകിട്ടിയില്ല എന്നുമാത്രം .അതിൽ ജോസഫിന് ഏറെ സങ്കടം ഉണ്ടായിരുന്നു. ഒരു ദിവസം ജോസഫ് ഉറങ്ങാൻ കിടക്കുമ്പോൾ യാക്കോബ് പറഞ്ഞു ഇനി ഒരു പക്ഷേ ആ കിളി നിൻറെ ഉള്ളിൽ തന്നെ ഉണ്ടാകുമെങ്കിലോ എന്ന് .പിന്നെ അദ്ദേഹം എന്നും ഉറങ്ങാൻ കിടക്കുമ്പോൾ അതിനെപ്പറ്റി തന്നെ ആലോചിച്ചു കൊണ്ടേയിരിക്കും. ആകാംക്ഷ ഭരിതമായ ഒട്ടനവധി മുഹൂർത്തങ്ങളിലൂടെ വായനക്കാരെ കടത്തിക്കൊണ്ടുപോയ അത്യുജ്വല സൃഷ്ടിയാണ് ബൈബിളിൽ നിന്ന് ഇതൾ വിരിഞ്ഞ കിനാവ് എന്ന ബാലസാഹിത്യ കഥ. അവസാനം ജീവിതത്തിൽ എന്തോ സംഭവിക്കാൻ പോവുകയാണെന്ന് ജോസഫിന് അറിയുമായിരുന്നില്ല .പ്രശസ്ത കഥാകാരനായ വി ജെ ജെയിംസിന്റെ ഈ നോവൽ എനിക്ക് വളരെ ഇഷ്ടപ്പെട്ടു.

**ശിവദ എം, 8B**

# കുഞ്ഞോമനയും മറ്റു ബാലകഥകളും......

പ്രശസ്ത എഴുത്തുകാരിയും കഥാകൃത്തുമായ ലളിതാംബിക അന്തർജ്ജനത്തിന്റെ മനോഹരമായ ഒരു പുസ്തകമാണ് 'കുഞ്ഞോമനയും മറ്റു ബാലകഥകളും '. കുട്ടികൾ മുതൽ മുതിർന്നവർ വരെ ഇഷ്ടപ്പെട്ടു വായിക്കുന്ന ഒരു പുസ്തകം കൂടിയാണിത് . പ്രധാന കഥാപാത്രമായ കുഞ്ഞോമനയെയും അവളുടെ കൂട്ടുകാരിയെയും കുറിച്ചാണ് ലളിതാംബിക അന്തർജനം ആദ്യത്തെ കഥയിൽ പറഞ്ഞു തരുന്നത്. പണക്കാരുടെ മകൾ ആയതുകൊണ്ട് തന്നെ കുഞ്ഞോമനയ്ക്ക് ചോദിച്ചയുടനെ എല്ലാം കിട്ടും സ്വർണമോ ഉടുപ്പോ കളിപ്പാട്ടമോ അങ്ങനെ എല്ലാം ... അവരുടെ സ്ഥലത്തുള്ള കന്നുകാലി വളർത്തലും അതുകൊണ്ട് അവരുടെ അമ്മയ്ക്ക് ഉണ്ടായ പരിക്കും എല്ലാം വളരെ രസകരമായയാണ് ഈ പുസ്തകത്തിൽ വിവരിച്ചിട്ടുള്ളത്. പിന്നീടങ്ങോട്ട് കാളി എന്ന പെൺകുട്ടിയുമായുള്ള കണ്ടുമുട്ടലും അവർ ഒരുമിച്ച് കിടാവിനെ മേയ്ക്കാൻ പോകുമ്പോഴുള്ള സംഭാഷണവും എല്ലാം മറ്റുള്ളവർക്ക് മനസ്സിലാകുന്ന രീതിയിൽ വളരെ ലളിതമായി കഥയിൽ അവതരിപ്പിച്ചിരിക്കുന്നു . കുഞ്ഞോമനയുടെ ബാലകഥകളെ കുറിച്ചുള്ള ലളിതാംബിക അന്തർജ്ജനത്തിന്റെ ഈ പുസ്തകം ഒരിക്കൽ വായിച്ചാൽ പിന്നെ നിർത്താതെ വായിച്ചു കൊണ്ടിരിക്കാൻ തോന്നും. നിഷ്കളങ്ക ബാല്യത്തിന്റെ സ്നേഹപ്രകടനങ്ങൾ വളരെ മനോഹരമായി അവതരിപ്പിക്കാൻ മലയാളത്തിൻ്റെ പ്രിയ കഥാകാരിക്ക് കഴിഞ്ഞിട്ടുണ്ട്.

**ഹരിനന്ദ് കെ ബി**

# മറയുന്ന മംഗലം കളി

ഉത്തര കേരളത്തിലെ പ്രത്യേകിച്ച് കാസർഗോഡ് ജില്ലകളിൽ മാത്രം പ്രചാരത്തിലുള്ള മംഗലം കളിയിലേക്ക് ജിഎച്ച്എസ് പുല്ലൂർ യൂണിറ്റ് നടത്തിയ ഒരു അന്വേഷണത്തേക്കുറിച്ച് ....വടക്കൻ കേരളത്തിൽ പ്രത്യേകിച്ച് കണ്ണൂർ കാസർഗോഡ് ജില്ലകളിൽ കണ്ടുവരുന്ന ഒരു വിഭാഗമാണ് മാവിലർ മലയാളവും തുളുവും കലർന്ന ഇവരുടെ ഭാഷയ്ക്ക് ലഭിക്കില്ല ഇവരുടെ സമുദായത്തിലെ പ്രധാനപ്പെട്ട നൃത്തരൂപമാണ് മംഗലം കളി . വിവാഹ വേളയിൽ നടത്തുന്ന വിനോദ പരിപാടി എന്ന നിലയിലാണ് ഈ കലാരൂപത്തിന് മംഗലം കളി എന്ന പേരുവന്നത് .വേട്ടുവർ, മാവിലർ എന്നീ സമുദായക്കാർ മംഗലം കളി  നടത്തുന്നുണ്ട് പാട്ടിൽ മാത്രമാണ് വ്യത്യാസം. കല്യാണ രാത്രിയിൽ പന്തലിൽ ആണ് മംഗലം കളി  നടക്കുക .കല്യാണം കൂടാതെ താലികെട്ട് മംഗലം തിരണ്ടുമംഗലം എന്നീ ചടങ്ങുകൾക്ക് മംഗലങ്ങളിൽ നടത്താറുണ്ട് യാണ് പ്രധാന വാദ്യോപകരണം. മുരിക്ക്, പ്ലാവ് തുടങ്ങിയ മരങ്ങൾ കൊണ്ടാണ് തുടി ഉണ്ടാക്കുന്നത് . ഉടുമ്പ് വെരുക് ഇന്നീ മൃഗങ്ങളുടെ തുകൽ കൊണ്ടാണ് തുടിയുടെ തുകൽ ഉണ്ടാക്കുക. ഈ വിഭാഗങ്ങളുടെ ജീവിതശൈലിയുടെ വ്യക്തമായ പ്രതിഫലനങ്ങളാണ് ഇത്തരം നടൻ കലാരൂപങ്ങൾ .നമ്മൾ ആരായിരുന്നു എന്നും എങ്ങനെയാണ് ഇവിടെ വരെ എത്തിയത് എന്നും സൂചന നൽകുന്ന ചരിത്ര ആഖ്യായികകളാണ് ഓരോ പാട്ടും.  സായി ഗ്രാമത്തിൽ നടന്ന മംഗലം കളി  നമ്മുടെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് ക്യാമറ കണ്ണുകളിൽ ഒപ്പിയെടുക്കുകയും അവരിൽ നിന്നും മംഗലം കളി പഠിച്ച് വിദ്യാലയത്തിന്റെ സ്റ്റേജിൽ അവതരിപ്പിക്കുകയും ചെയ്തു . അത് മറക്കാനാവാത്ത അനുഭവമാണ്... വിസ്മൃതിയിലേക്ക് മറഞ്ഞുകൊണ്ടിരിക്കുന്ന മംഗലം കളി പോലെയുള്ള നാടൻ കലാരൂപങ്ങളെ സംരക്ഷിക്കേണ്ടതും പൊതു തലമുറയ്ക്ക് പകർന്നു നൽകേണ്ടതും കാലത്തിൻറെ ആവശ്യകതയാണ് ,നമ്മളുടെ ഉത്തരവാദിത്തമാണ്...



പത്താം തരത്തിലെ ദർശാന്ത് കൃഷ്ണൻ

# അമ്മയ്ക്കായി ....

അന്നൊരു നാൾ ഞാനൊരു
അമ്പലനടയിൽ ചെന്നപ്പോൾ
കണ്ണീരുണങ്ങിയ കണ്ണുമായി
മുഷിഞ്ഞുനാറിയ വസ്ത്രങ്ങളും
ഒട്ടിയ കവിളുമായി കണ്ടു ഞാൻ ഒരമ്മയെ...
അറിയുമോ നിങ്ങളീ അമ്മയെ..
സ്നേഹം നൽകി വളർത്തിയ മക്കളെ ...
അറിയുന്നുവോ നിങ്ങളീ അമ്മതൻ വേദന
സ്നേഹത്തിൻ പാലാഴി തീർത്ത കണ്ണുകളിൽ
കണ്ണുനീരിൻ ആഴക്കടൽ കണ്ടു... ഞാൻ
അന്നൊരു പ്രഭാതത്തിൽ ഈ അമ്പലനടയിൽ
ഇരിപ്പിടം നൽകി അമ്മയെ ഉപേക്ഷിച്ച മക്കളെ,
ഇന്നും കാത്തിരിക്കുകയാണീ അമ്മ ...
ജീവിതസുഖം തേടിപ്പോയ മക്കൾ തൻ
സ്നേഹത്തിൻ കാപട്യം അറിയാതെ
കാത്തിരിക്കുകയാണിന്നും.. ഒന്ന് അറിയുക...
.. കാത്തു വയ്ക്കുന്നു...കാലം...
ഇത് തിരിച്ചും നിങ്ങൾക്കായി ....
കാലചക്രം കറങ്ങിത്തിരിയുമ്പോൾ
ചിലപ്പോൾ നിങ്ങളും ഞാനും
അവരിൽ ഒരാളായി മാറും

**പ്രീ പ്രൈമറി അധ്യാപിക രമ്യ എം**

# വിദ്യാലയ മുറ്റത്തെ കൊന്നപ്പൂക്കൾ....

ഓടക്കുഴൽ നാദം കേൾക്കും മുൻപേ നീ
എത്തിയല്ലോ.....
ഇതെന്താ ഇത്രയും പുലർച്ചെ നീ
എത്തിയത്
അറിയാമെനിക്ക് ഇതാ ഇവിടുത്തെ,
കൊച്ചു പൈതലിൻ ഓടക്കുഴൽ നാദത്തിൽ
നീ വന്നണഞ്ഞതെന്ന്....

മച്ചിൻ മുകളിൽ പായുകതെന്തിനു
നീ ആരാരും നിന്നെ പിച്ചുവാൻ പോന്നോ..
പൂക്കളെ തഴുകുവാനെത്തിയ കാറ്റോടു
എന്താണു നീയിതിൻ മീതെ ചൊല്ലിയത്
വിഷുത്തലേന്നു ഞാനെത്തി നിൻഅരികിൽ
പറയാനുണ്ട് എനിക്ക് കൊഴിയാത്ത കഥകൾ
കഴിഞ്ഞയാണ്ടിലെ വിഷു വിശേഷങ്ങൾ
വിദ്യാലയ മുറ്റത്ത് നീ ചിതറിയത്
ദീപം നിറയുന്ന പുഞ്ചിരി
ഞാനൊന്ന് അരികിൽ
എത്തുമ്പോഴേക്കും മാഞ്ഞുവല്ലോ....

**ആര്യ എം**
**10A**

# നീ

കാലം മറയ്ക്കില്ലും കാഴ്ച മറയ്ക്കില്ലും
അന്തരംഗത്തിന്റെ താളത്തിൽ
നിനക്കായ് ഒരു താരാട്ട് ശ്രുതി മീട്ടുന്നു
അതിൽ നിന്റെ  പേര് ചൊല്ലി കേൾക്കുമ്പോൾ
അറിയുന്നുവോ നീ
എന്നാത്മ നൊമ്പരത്തിൻ തീച്ചൂളയിൽ
വെന്തു വെണ്ണീറയ് പോകാതെ തുടിക്കുന്ന ഹൃദയത്തിൽ
എന്നും നീയാണ്......
നിന്റെ ഓർമ്മകളാണ്...
തഴുകി കടന്നുപോകുന്ന ഇളം കാറ്റിന് നിന്റെ ഗന്ധമാണ്
ഓർമ്മകൾക്ക് നിന്റെ  നിറമാണ് .....
കാലം മറയ്ക്കില്ലും കാഴ്ച മറയ്ക്കില്ലും....


**ഹരിനന്ദ് കെ ബി**
**7B**

# തീക്കനൽ

പുൽമേഞ്ഞ ഒരു കുഞ്ഞു വീട്ടിൽ താമസിക്കുന്ന ഒരു കുടുംബം .അമ്മയും രണ്ട് പെൺമക്കളും അടങ്ങുന്നതാണ് അവരുടെ ലോകം. സ്വന്തം അമ്മയ്ക്കും അനുജത്തിക്കും വേണ്ടി ജീവിക്കുന്ന ഒരു പെൺകുട്ടി. കഷ്ടതയിൽ നിന്ന് സന്തോഷത്തിലേക്ക് ഒന്ന് എത്താൻ വേണ്ടി പരിശ്രമിക്കുന്ന അവൾക്ക് ഒരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ മറ്റുള്ളവരുടെ ആട്ടലും മാനസിക പീഡനവും ഇല്ലാതെ സ്വന്തം കാലിൽ ജീവിക്കുക. എന്നാൽ സാഹചര്യങ്ങൾ അവളെ വല്ലാതെ അലട്ടി. എന്തിന് താൻ ഈ മണ്ണിൽ ജനിച്ചു വീണത് എന്നുപോലും അവൾ ചിന്തിച്ചിരുന്നു. വീട്ടിൽ എന്നും കലഹം മാത്രം സ്നേഹമെന്തെന്ന് ആ വീട് ഒരിക്കലും തിരിച്ചറിഞ്ഞിട്ടില്ല .ആ വീട്ടിൽ താമസിക്കാൻ അവളും അമ്മയും അനുജത്തിയും അല്ലാതെ അമ്മയുടെ ഒരു ഏട്ടനും കൂടി ഉണ്ടായിരുന്നു.വേറെ ബന്ധുക്കൾ ഒന്നുമില്ലാത്തതിനാൽ അയാളും ഇവരുടെ കൂടെയായിരുന്നു താമസം .ഒരു മുഴുക്കുടിയൻ ആയിരുന്നു അയാൾ .രാത്രി എന്നോ പകലെന്നോ ഇല്ലാതെ കുടിക്കും. എന്നാലും കുട്ടികളെ വളരെ ഇഷ്ടമായിരുന്നു. മാമന്റെ കുടി കാരണം കുട്ടിക്ക് പഠനത്തിൽ ശ്രദ്ധ പുലർത്താനായില്ല പരീക്ഷയിൽ മാർക്ക് കുറയുകയും മാർക്ക് കുറഞ്ഞതിന്റെ പേരിൽ അമ്മയുടെ വക വഴക്ക് കേൾക്കുക ഇപ്പോൾ പതിവായി .ഭാവിയെ അവൾ ഏറെ ഭയന്നിരുന്നു. എന്ത് ചെയ്യും എന്ന് ഓർത്ത് ദുഃഖിച്ചു . ദിവസങ്ങൾ കടന്നു പോകുന്നതിനനുസരിച്ച് വീട്ടിലെ ദാരിദ്ര്യവും കൂടി വരുന്നു ഒരു നേരത്തെ ഭക്ഷണത്തിന് യാചിക്കേണ്ട അവസ്ഥ വരെ ഉണ്ടായി. അമ്മയ്ക്ക് വയസ്സാവുകയാണ്. അതിനനുസരിച്ച് അസുഖങ്ങളും കൂടിവരുന്നു ആ പെൺകുട്ടിക്ക് രാത്രി ഉറക്കമില്ല .എപ്പോൾ വേണമെങ്കിലും ഒരു പൊട്ടിത്തെറി സംഭവിക്കാം. മാമൻ വരുന്നുണ്ടോ എന്ന് ഭയത്തോടെ നോക്കി നിൽക്കും .പേടി നിറഞ്ഞ രാത്രികൾ അവൾക്ക് സ്വന്തമായി അവൾ ഒരു രാത്രിയിൽ തീരുമാനിച്ചു എത്ര കഷ്ടപ്പെട്ടാണെങ്കിലും പഠിക്കണം പഠിച്ച് സ്വന്തം വരുമാനത്തിൽ അമ്മയെ നോക്കണം. നമ്മളെ എത്ര കഷ്ടപ്പെട്ടാണ് വളർത്തിയത് .അതുപോലെ തന്നെ അമ്മയെ ഒരു വാക്കു കൊണ്ടു പോലും നോവിക്കാതെ സംരക്ഷിക്കണം. അന്നുമുതൽ അവൾ വാതിൽ അടച്ചു പഠിക്കാൻ തുടങ്ങി എന്നാലും അവളുടെ മനസ്സിലെ തീ അണഞ്ഞില്ല .അമ്മയെ ഉപദ്രവിക്കുമോ മാമൻ എന്ന ഭയം. എന്നാലും പഠിച്ച് പരീക്ഷയിൽ മാർക്ക് വാങ്ങാൻ അവൾ പരിശ്രമിച്ചു. കാലം കടന്നുപോയി.... അവൾ ഇരുണ്ട നാളുകളിൽ നിന്ന് വെളിച്ചത്തിന്റെ ദിവസങ്ങളിലേക്ക് കാലെടുത്തുവെച്ചു. ദുഃഖങ്ങൾ മറക്കാൻ ശ്രമിക്കുന്നതിനിടയിൽ ദുഃഖങ്ങൾ മാഞ്ഞുപോയി .അവൾ പഠിച്ച ഒരു നല്ല ജോലി വാങ്ങി. അവൾ അതിൽ അഭിമാനിച്ചു അവൾ' പോലീസ്' ആയി ആ പോലീസ് യൂണിഫോമിൽ അവൾ അഭിമാനിച്ചു എന്നാൽ അവളുടെ സ്വപ്നം സാക്ഷാത്കരിക്കാൻ അവൾക്ക് പറ്റിയില്ല. അതിനിടയിൽ അവളുടെ അമ്മ മക്കളെ വിട്ട് കഷ്ടതയില്ലാത്ത ലോകത്തേക്ക് പോയി .പിന്നാലെ മാമനും .ആ ലോകത്ത് ഇപ്പോൾ ചേച്ചിക്ക് അനുജത്തിയും , അനുജത്തിക്ക് ചേച്ചിയും മാത്രമായി ഇത്രയും തീക്കനുകൾ കടന്നുവന്ന അവൾ ഈ തീരാസങ്കടവും മറക്കാൻ ശ്രമിച്ചു. ആത്മാർത്ഥമായി ജോലിചെയ്ത് മാസം ശമ്പളം വാങ്ങി .അവളും അനുജത്തിയും സന്തോഷത്തോടെ ജീവിച്ചു .എന്തൊക്കെ പ്രതിസന്ധികൾ വന്നാലും അതുമറി കടക്കാനുള്ള ശേഷിയാണ് നമുക്ക് വേണ്ടത് ജീവിതത്തിലെ ദുഃഖവും സന്തോഷവും ഒരുപോലെ കാണാനേ അവൾ പഠിച്ചിട്ടുള്ളൂ. അവൾ വളർന്നു വന്ന അന്തരീക്ഷത്തെ അപേക്ഷിച്ച് ഒരു പുതിയ ലോകമാണ് ഇപ്പോൾ അവൾക്ക് ലഭിച്ചത് . തന്റെ സങ്കടങ്ങൾ മറന്ന് അവൾ പോലീസ് എന്ന ഉദ്യോഗം നേടാൻ പരിശ്രമിച്ചു. ഇന്ന് നിൽക്കുന്ന സ്ഥാനത്തിൽ നിന്ന് ഒന്ന് തിരിഞ്ഞുനോക്കുമ്പോൾ സന്തോഷമാണ് അവളുടെ മനസ്സിൽ. ഓരോരുത്തർക്കും അത് നേടാം സന്തോഷമോ ദുഃഖമോ പണം കൊടുത്ത് വാങ്ങാൻ ആവുന്നതല്ല എന്ന് ഓരോ മനുഷ്യനും ഓർക്കുക...


DHANYA B
8B


എട്ടാം തരത്തിലെ ബാലഗോപാൽ വരച്ച ചിത്രങ്ങൾ






എട്ടാം തരത്തിലെ ബാലഗോപാൽ വരച്ച ചിത്രങ്ങൾ








BY-Darsanth KRIShnan-K

എട്ടാം തരത്തിലെ അനന്തു നാരായണൻ വരച്ച ചിത്രങ്ങൾ




എട്ടാം തരത്തിലെ ശിവനന്ദ വരച്ച ചിത്രങ്ങൾ



എട്ടാം തരത്തിലെ നന്ദകിഷോർ എം വി വരച്ച ചിത്രങ്ങൾ




പത്താം തരത്തിലെ ദർശാന്ത് കൃഷ്ണൻ വരച്ച ചിത്രങ്ങൾ




by: Dassanth Krishnan.k







ഒൻപതാം തരത്തിലെ ശ്രീരൂപ കെ വി വരച്ച ചിത്രം











പ്രീ പ്രൈമറി അധ്യാപിക രമ്യ എം വരച്ച ചിത്രങ്ങൾ

















എട്ടാം തരത്തിലെ ആദിദേവ് വരച്ച ചിത്രങ്ങൾ



ഒൻപതാം തരത്തിലെ ശ്രീരൂപ കെ വി വരച്ച ചിത്രം



ഒൻപതാം തരത്തിലെ ജിതിൻ എം വി വരച്ച ചിത്രം



# നന്ദി

**ഞങ്ങൾ പറയാതെ പറഞ്ഞതൊക്കെയും കേട്ടതിന് .....**

എവിടെ നിർഭയമാകുന്നു മാനസം
എവിടെ നിൽക്കുന്നു ശീർഷം സമുന്നതം
എവിടെ വിജ്ഞാനം പൂർണസ്വതന്ത്രമായ്
അവികലമായ് വിരാജിപ്പു നിത്യവും
മുക്തി തന്റെയാ സ്വർഗരാജ്യത്തിലേ-
ക്കെന്റെ നാടൊന്നുണരണേ ദൈവമേ!

-ടാഗോർ